# ആകാശവാണി നീര കൃഷിപാഠം പരമ്പര തുടങ്ങുന്നു

കൊച്ചി: നാളികേര മേഖലയിലെ ഏറ്റവും പുതിയ ഉത്പന്നമായ നീരയെ ആസ്പദമാക്കി ആകാശവാണി പുതിയ കൃഷിപാഠം പരമ്പര തുടങ്ങുന്നു. കല്പവൃക്ഷം നൽകുന്ന അമൃതായ നീരയുടെ ഉത്പാദനം, സംസ്കരണം, വിപണനം എന്നിവയെ ആധാരമാക്കിയ ഈ പരമ്പര നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെയാണ് ആകാശവാണിയുടെ കേരള നിലയങ്ങൾ പ്രക്ഷേപണം ചെയ്യുന്നത്. മൊത്തം 25 പാഠങ്ങളാണ് ആഴ്ചയിൽ രണ്ടുദിവസം വീതം (ചൊവ്വ, വെള്ളി) വയലും വീടും പരിപാടിയിൽ ഉൾപ്പെടുത്തി പ്രക്ഷേപണം ചെയ്യുക.

എന്താണ് നീര, നീരയുടെ സംസ്കരണ വിപണന രംഗത്തെ പ്രായോഗിക പ്രശ്നങ്ങളും പരിഹാര നിർദേശങ്ങളും, നീര ടെക്നീഷ്യന്മാരുടെ അനുഭവസാക്ഷ്യം, ചോദ്യോത്തരവേദി (ശ്രോതാക്കളുടെ സംശയങ്ങൾക്കു വിദഗ്ധർ മറുപടി നൽകുന്നു), നീരയെ അധികരിച്ചുള്ള പ്രശ്നോത്തരി (തെരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികൾ പങ്കെടുക്കുന്നു), നീരയധിഷ്ഠിത ഉത്പന്ന നിർമാണ പരിശീലനവും ഗവേഷണ പഠനങ്ങളും, കർഷകരുടെ ആശയാഭിപ്രായങ്ങളും പ്രതികരണങ്ങളും തുടങ്ങിയ വിഷയങ്ങളാണ് 24 പാഠങ്ങളായുള്ള പരമ്പരയിലൂടെ പ്രക്ഷേപണം ചെയ്യുക.